**മധുരമായ കുട്ടികളേ – ഭാവിയിലെ ഉയർന്ന കുലത്തിലേയ്ക്ക് വരുന്നതിനുള്ള ആധാരം പഠിപ്പാണ്, ഈ പഠിപ്പിലൂടെ തന്നെയാണ് നിങ്ങൾക്ക് യാചകനിൽ നിന്ന് രാജകുമാരനായി മാറാൻ സാധിക്കുക.**

**ചോദ്യം:–** വായിൽ സ്വർണ്ണക്കരണ്ടി പ്രാപ്തമാക്കാൻ രണ്ട് വിധത്തിൽ സാധിക്കുന്നു, എങ്ങനെ?
**ഉത്തരം:–** ഒന്ന് ഭക്തിയിൽ ദാന–പുണ്യം ചെയ്യുന്നതിലൂടെ, രണ്ട്, ജ്ഞാനപഠനത്തിലൂടെ. ഭക്തിയിൽ ദാന–പുണ്യം ചെയ്യുന്നുവെങ്കിൽ രാജാവ് അല്ലെങ്കിൽ സമ്പന്നന്റെയടുത്ത് ജന്മമെടുക്കുന്നു എന്നാലത് പരിധിയുള്ളതായി മാറുന്നു. നിങ്ങൾ ജ്ഞാനത്തിന്റെ പഠിപ്പിലൂടെ വായിൽ സ്വർണ്ണക്കരണ്ടി നേടുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. ഭക്തിയിൽ പഠിപ്പിലൂടെ രാജ്യഭാഗ്യം ലഭിക്കുകയില്ല. ഇവിടെ ആര് എത്ര നല്ല രീതിയിൽ പഠിക്കുന്നുവോ, അത്രയും ഉയർന്ന പദവി നേടുന്നു.

**ഓം ശാന്തി**. മധുര–മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികൾക്ക് ആത്മീയ അച്ഛനിരുന്ന് മനസ്സിലാക്കി തരുകയാണ്, ഇതിനെ ആത്മീയ ജ്ഞാനമെന്ന് പറയുന്നു. ബാബ വന്ന് ഭാരതവാസീ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ ബാബയെ ഓർമ്മിക്കൂ, ഇത് ബാബ പ്രത്യേകം നൽകിയ ആജ്ഞയാണെങ്കിൽ അത് അംഗീകരിക്കണമല്ലോ. ഉയർന്നതിലും ഉയർന്ന ബാബയുടെ ശ്രീമതം പ്രസിദ്ധമാണ്. ഇതും നിങ്ങൾ കുട്ടികൾക്കറിയാം കേവലം ശിവബാബയെ തന്നെയാണ് ശ്രീ ശ്രീയെന്ന് പറയാൻ സാധിക്കുന്നത്. ബാബ തന്നെയാണ് ശ്രീ ശ്രീയാക്കി മാറ്റുന്നത്, ശ്രീ അർത്ഥം ശ്രേഷ്ഠം. ഇവരെ ബാബയാണ് ഇങ്ങനെയാക്കി മാറ്റിയതെന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. നമ്മളിപ്പോൾ പുതിയ ലോകത്തേയ്ക്ക് വേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ലോകത്തിന്റെ പേര് തന്നെ സ്വർഗ്ഗം, അമരപുരിയെന്നാണ്. മഹിമയ്ക്കായി ഒരുപാട് പേരുകളുണ്ട്. സ്വർഗ്ഗവും നരകവുമെന്ന് പറയാറുമുണ്ട്. ഇന്നയാൾ സ്വർഗ്ഗവാസിയായി അപ്പോൾ നരകവാസിയായിരുന്നില്ലേ. എന്നാൽ മനുഷ്യരിൽ ഇത്രയ്ക്ക് ബുദ്ധിയില്ല, സ്വർഗ്ഗം, നരകം, പുതിയ ലോകം, പഴയ ലോകമെന്ന് എന്തിനെയാണ് പറയുന്നത്, ഒന്നും തന്നെ അറിയില്ല. ബാഹ്യമായ ഷോ വളരെയധികമുണ്ട്. നിങ്ങൾ കുട്ടികളിലും ബാബ നമ്മേ ഒരുപോലെയാണ് പഠിപ്പിക്കുന്നതെന്ന് അറിയുന്നവർ കുറവാണ്. നമ്മൾ ലക്ഷ്മീ നാരായണനാകുന്നതിന് വേണ്ടി വന്നതാണ്. നമ്മൾ യാചകനിൽ നിന്ന് രാജകുമാരനായി മാറും. ആദ്യമാദ്യം നമ്മൾ പോയി രാജകുമാരനായി മാറും. ഇത് പഠിപ്പാണ്, എങ്ങനെയാണോ വക്കീലാവാൻ പഠിക്കുന്നത് അപ്പോൾ ബുദ്ധിയിലുണ്ടായിരിക്കും ഞാൻ വീടുണ്ടാക്കും പിന്നീട് ഇത് ചെയ്യും... ഓരോരുത്തർക്കും അവരവരുടെ കർത്തവ്യം സ്മൃതിയിൽ വരുന്നു. നിങ്ങൾ കുട്ടികൾക്ക് ഈ പഠിപ്പിലൂടെ വലിയ വീട്ടിൽ പോയി ജന്മമെടുക്കണം. ഗോൾഡൻ സ്പൂൺ ഇൻ മൗത്ത് (വായിൽ സ്വർണ്ണക്കരണ്ടി) എന്ന് പാടാറുമുണ്ട്. ഒന്ന് ജ്ഞാനത്തിലൂടെ വായിൽ സ്വർണ്ണക്കരണ്ടി ലഭിക്കുന്നു. രണ്ട്, നല്ല രീതിയിൽ ദാന–പുണ്യം ചെയ്യുകയാണെങ്കിലും രാജാവിന്റെയടുത്ത് ജന്മം ലഭിക്കും. അത് പരിധിയുള്ളതായി മാറി. ഇത് പരിധിയില്ലാത്തതാണ്. എല്ലാ കാര്യവും നല്ല രീതിയിൽ മനസ്സിലാക്കൂ. ഒന്നും മനസ്സിലായില്ലായെങ്കിൽ ചോദിക്കൂ ഇന്നയിന്ന കാര്യങ്ങൾ ബാബയോട് ചോദിക്കണമെന്ന് നോട്ട് ചെയ്യൂ. ബാബയുടെ ഓർമ്മയുടെ കാര്യമാണ് മുഖ്യമായിട്ടുള്ളത്. ബാക്കി എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് തീർത്തു തരും. ഭക്തി മാർഗ്ഗത്തിൽ ദാന–പുണ്യം എത്ര ചെയ്യുന്നവോ സമ്പന്നരുടെയടുത്ത് പോയി ജന്മമെടുക്കുന്നുവെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ആരാണോ എന്തെങ്കിലും തെറ്റായ കർമ്മം ചെയ്യുന്നത് പിന്നീടവർക്ക് ഇങ്ങനെയുള്ള ജന്മം ലഭിക്കുന്നു, ബാബയുടെയടുത്ത് വരുന്നു, ചിലർക്കാണെങ്കിൽ ഇങ്ങനെയുള്ള കർമ്മ ബന്ധനമാണ് അവരുടെ കാര്യം ചോദിക്കേണ്ടതില്ല. ഇതെല്ലാം ഭൂതകാലത്തിലെ കർമ്മ ബന്ധനമാണ്. ചില രാജാക്കന്മാരും ഇങ്ങനെ വലിയ കടുത്ത കർമ്മബന്ധനമുള്ളവരുണ്ടാകുന്നു. ഈ ലക്ഷ്മീ നാരായണന് ഒരു ബന്ധനവുമില്ല. അവിടെ യോഗബലത്തിലൂടെയുള്ള രചനയാണ്. നമുക്ക് യോഗബലത്തിലൂടെ വിശ്വത്തിലെ രാജ്യഭാഗ്യം നേടാൻ കഴിയുന്നുണ്ടെങ്കിൽ കുട്ടികൾക്ക് ജന്മം നൽകാൻ സാധിക്കില്ലേ! ആദ്യം തന്നെ സാക്ഷാത്ക്കാരമുണ്ടാകുന്നു. അവിടെ ഇത് സാധാരണ കാര്യമാണ്. സന്തോഷത്താൽ പെരുമ്പറ മുഴക്കി കൊണ്ടിരിക്കുന്നു. വൃദ്ധനിൽ നിന്ന് കുട്ടിയായി മാറുന്നു. മഹാത്മാക്കളെക്കാൾ കുട്ടികൾക്ക് കൂടുതൽ മാന്യത നൽകുന്നു എന്തുകൊണ്ടെന്നാൽ ആ മഹാത്മാക്കൾ മുഴുവൻ ജീവിതവും ചെലവിട്ട് വലുതായവരാണ്. വികാരങ്ങളെ അറിയുന്നു. ചെറിയ കുട്ടികൾ അറിയുന്നില്ല അതുകൊണ്ട് മഹാത്മാക്കളെക്കാൾ ഉയർന്നവരെന്ന് പറയപ്പെടുന്നു. അവിടെ എല്ലാവരും മഹാത്മാക്കളാണ്. കൃഷ്ണനെയും മഹാത്മാവെന്ന് പറയുന്നു. കൃഷ്ണൻ സത്യമായ മഹാത്മാവാണ്. സത്യയുഗത്തിൽ തന്നെയാണ് മഹാത്മാക്കളുണ്ടാകുന്നത്. അവരെ പോലെ ഇവിടെ യാരും ഉണ്ടാവുക സാധ്യമല്ല.

നിങ്ങൾ കുട്ടികൾക്ക് ഉള്ളിൽ വളരെയധികം സന്തോഷമുണ്ടായിരിക്കണം. ഇപ്പോൾ നമ്മൾ പുതിയ ലോകത്തിൽ ജന്മമെടുക്കും. ഈ പഴയ ലോകം അവസാനിക്കുന്നതാണ്. വീട് പഴയതാകുമ്പോൾ പുതിയ വീടിന്റെ സന്തോഷമുണ്ടാകുമല്ലോ. എത്ര നല്ല നല്ല മാർബിളിന്റെയെല്ലാം വീടുണ്ടാക്കുന്നു. ജൈനന്മാരുടെ കൈയ്യിൽ വളരെയധികം ധനമുണ്ട്, അവർ സ്വയം ഉയർന്ന കുലത്തിലെതാണെന്ന് മനസ്സിലാക്കുന്നു. വാസ്തവത്തിൽ ഇവിടെ ഒരു കുലമൊന്നും ഇല്ല. ഉയർന്ന കുലത്തിൽ വിവാഹത്തിന് വേണ്ടി അന്വേഷിക്കുന്നു. അവിടെ കുലത്തിന്റെയൊന്നും കാര്യമില്ല. അവിടെ ഒരേയൊരു ദേവതാ കുലമാണുണ്ടാവുക, മറ്റൊന്നില്ല. ഇതിന് വേണ്ടിയാണ് നിങ്ങൾ സംഗമത്തിൽ അഭ്യാസം ചെയ്യുന്നത് നമ്മൾ ഒരു ബാബയുടെ കുട്ടികൾ എല്ലാവരും ആത്മാവാണ്. ആത്മാവാണാദ്യം, പിന്നീടാണ് ശരീരം. ലോകത്തിലെല്ലാവരും ദേഹാഭിമാനികളാണ്. നിങ്ങൾക്കിപ്പോൾ ദേഹീ അഭിമാനിയായി മാറണം. ഗൃഹസ്ഥത്തിലിരുന്ന് തന്റെ അവസ്ഥയെ നല്ലതാക്കണം. ബാബയ്ക്ക് എത്ര കുട്ടികളാണ്, എത്ര വലിയ പരിവാരമാണ്, വളരെയധികം ചിന്തയുണ്ടായികൊണ്ടിരിക്കും. ഇദ്ദേഹത്തിനും പരിശ്രമം ചെയ്യേണ്ടി വരുന്നു. ഞാനൊരു സന്യാസിയല്ല. ബാബ ഇദ്ദേഹത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ബ്രഹ്മാ–വിഷ്ണു–ശങ്കറിന്റെയും ചിത്രമുണ്ടല്ലോ. ബ്രഹ്മാവാണ് ഏറ്റവും ഉയർന്നത്. അതിനാൽ ഇദ്ദേഹത്തിലല്ലാതെ ബാബ ആരിൽ വരും. ബ്രഹ്മാവ് പുതിയതായി ജന്മമെടുക്കുന്നൊന്നുമില്ല. കാണുന്നുണ്ടല്ലോ – എങ്ങനെ ഇദ്ദേഹത്തെ ദത്തെടുക്കുന്നു. നിങ്ങളെങ്ങനെ ബ്രാഹ്മണനായി മാറുന്നു. ഈ കാര്യങ്ങളെല്ലാം നിങ്ങളല്ലാതെ മറ്റാര് അറിയാനാണ്. പറയുന്നു ഇദ്ദേഹം രത്നവ്യാപാരിയായിരുന്നു, ഇദ്ദേഹത്തെ നിങ്ങൾ ബ്രഹ്മാവെന്ന് വിളിക്കുന്നു! അവർക്കെങ്ങനെയറിയാനാണ് ഇത്രയും ബ്രാഹ്മണ–ബ്രാഹ്മണിമാരുടെ ജന്മമെങ്ങനെയുണ്ടാകുമെന്ന്. ഓരോ–ഓരോ കാര്യത്തിലും വളരെയധികം മനസ്സിലാക്കികൊടുക്കേണ്ടി വരുന്നു. ഇത് വളരെ ഗുഹ്യമായ കാര്യമല്ലേ. ഈ ബ്രഹ്മാവ് വ്യക്തം, ബാബ അവ്യക്തം. ഇദ്ദേഹം പവിത്രമായി മാറി പിന്നീട് അവ്യക്തമാകുന്നു. ഇദ്ദേഹം പറയുകയാണ് – ഞാനീ സമയം പവിത്രമല്ല. ഇപ്രകാരം പവിത്രമായി മാറികൊണ്ടിരിക്കുകയാണ്. പ്രജാപിതാവ് ഇവിടെ ഉണ്ടാവണമല്ലോ. ഇല്ലായെങ്കിൽ എവിടെ നിന്ന് വരും. ബാബ സ്വയം പറയുകയാണ് ഞാൻ പതിത ശരീരത്തിലാണ് വരുന്നത്, തീർച്ചയായും ഇദ്ദേഹത്തെ തന്നെയാണ് പ്രജാപിതാവെന്ന് പറയുക. സൂക്ഷ്മവതനത്തിൽ പറയുകയില്ല. അവിടെ പ്രജ എന്തു ചെയ്യും. ഇവിടെ സ്വതന്ത്രമായി പവിത്രമായി മാറുന്നു. എങ്ങനെയാണോ ഇദ്ദേഹവും പുരുഷാർത്ഥം ചെയ്യുന്നത് അതുപോലെ നിങ്ങളും പുരുഷാർത്ഥം ചെയ്ത് സ്വതന്ത്രമായി പവിത്രമായി മാറുന്നു. വിശ്വത്തിന്റെ അധികാരിയായി മാറണമല്ലോ. സ്വർഗ്ഗം വേറെ, നരകം വേറെ. ഇപ്പോൾ എത്ര തുണ്ട്–തുണ്ടായി മാറിയിരിക്കുന്നു. 5000 വർഷം മുമ്പത്തെ കാര്യമാണ് എപ്പോഴാണോ ഇവരുടെ രാജ്യമായിരുന്നത്. പിന്നീട് മറ്റുള്ളവർ ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു. ഈ കാര്യങ്ങൾ ആരാണോ കല്പം മുമ്പ് മനസ്സിലാക്കിയിരുന്നത് അവരേ മനസ്സിലാക്കൂ. നിങ്ങൾ കാണുന്നുണ്ട് ഇവിടെ മുസൽമാൻ, പാർസി മുതലായവരെല്ലാം വരുന്നു. സ്വയം ഇസ്ലാമായിരുന്നവർ പിന്നീട് ഹിന്ദുക്കൾക്ക് ജ്ഞാനം നൽകികൊണ്ടിരിക്കുന്നു. അത്ഭുതമല്ലേ. മനസ്സിലാക്കൂ ചിലർ സിക്കു ധർമ്മത്തിലെതാണ്, അവരും ഇരുന്ന് രാജയോഗം പഠിപ്പിക്കുന്നു. ആരാണോ കൺവെർട്ടായവർ അവർ പിന്നീട് ട്രാൻസ്ഫറായി ദേവതാ കുലത്തിൽ വരും. തൈ നടുകയാണ്. നിങ്ങളുടെയടുത്ത് ക്രിസ്ത്യനും, പാർസിയും വരുന്നു, ബൗദ്ധിയും വരും. നിങ്ങൾ കുട്ടികൾക്കറിയാം എപ്പോൾ സമയം സമീപത്തേയ്ക്ക് വരുന്നോ അപ്പോൾ നാലുഭാഗത്തുനിന്നും നിങ്ങളുടെ പേര് പുറത്തു വരും. നിങ്ങൾ ഒരു പ്രഭാഷണം ചെയ്യുമ്പോൾ തന്നെ അനേകർ നിങ്ങളുടെയടുത്തേയ്ക്ക് വരും. നമ്മുടെ സത്യമായ ധർമ്മമാണിതെന്ന് എല്ലാവർക്കും സ്മൃതി വരും. ആരാണോ നമുടെ ധർമ്മത്തിലുള്ളവർ അവർ എല്ലാവരും വരും അതിനാൽ സത്യമല്ലേ. ലക്ഷക്കണക്കിന് വർഷങ്ങളുടെ കാര്യമില്ല. ബാബ പറയുകയാണ് നിങ്ങളിന്നലെ ദേവത ആയിരുന്നു, ഇപ്പോൾ വീണ്ടും ദേവതയായി മാറുന്നതിന് വേണ്ടി ബാബയിൽ നിന്നും സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്.

നിങ്ങൾ സത്യം സത്യമായ പാണ്ഡവരാണ്, പാണ്ഡവർ അർത്ഥം വഴികാട്ടികൾ. അവർ ഭൗതീക വഴികാട്ടികളാണ്. നിങ്ങൾ ബ്രാഹ്മണർ ആത്മീയ വഴികാട്ടികളാണ്. നിങ്ങളിപ്പോൾ പരിധിയില്ലാത്ത ബാബയിൽ നിന്നും പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് വളരെയധികം ഈ ലഹരിയുണ്ടാവണം. നമ്മൾ ബാബയുടെയടുത്തേയ്ക്ക് പോവുകയാണ്, ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ആ ബാബ നമ്മുടെ ടീച്ചറുമാണ്, ബാബയ്ക്ക് യാതൊരു മേശയുടെയോ കസേരയുടെയോ ഒന്നും ആവശ്യമില്ല. ഇത് നിങ്ങൾ എഴുതുന്നതും തന്റെ പുരുഷാർത്ഥത്തിന് വേണ്ടിയാണ്. വാസ്തവത്തിൽ ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ശിവബാബ നിങ്ങൾക്ക് കത്ത് എഴുതുന്നതിന് വേണ്ടി പെൻസിൽ മുതലായവ എടുക്കുന്നു, കുട്ടികൾ മനസ്സിലാക്കുന്നു ശിവബാബയുടെ ചുവന്ന അക്ഷരം വന്നുവെന്ന്. ബാബ എഴുതുന്നു ആത്മീയ കുട്ടികളേ. കുട്ടികളും മനസ്സിലാക്കുന്നു ആത്മീയ അച്ഛൻ. ബാബ ഏറ്റവും ഉയർന്നതിലും ഉയർന്നതാണ്, ബാബയുടെ മതത്തിലൂടെ നടക്കണം. ബാബ പറയുകയാണ് കാമം മഹാ ശത്രുവാണ്. ഇത് ആദി–മദ്ധ്യ–

അന്ത്യം ദുഃഖം നൽകുന്നു. ആ ഭൂതത്തിന് വശപ്പെടരുത്. പവിത്രമാകൂ. വിളിക്കുന്നുമുണ്ട് അല്ലയോ പതിത പാവനാ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് രാജ്യം ഭരിക്കുന്നതിന് വളരെ വലിയ ശക്തി ലഭിച്ചിരിക്കുന്നു. ചിലർക്ക് ജയം നേടാൻ സാധിക്കുന്നില്ല. നിങ്ങളെത്ര സുഖികളായി മാറുന്നു. അതിനാൽ ഈ പഠിപ്പിൽ വളരെയധികം ശ്രദ്ധ കൊടുക്കണം. നമുക്ക് ചക്രവർത്തീ പദവി ലഭിക്കുന്നു. നമ്മൾ എന്തിൽ നിന്ന് എന്തായി മാറികൊണ്ടിരിക്കുന്നുവെന്ന് നിങ്ങൾക്കറിയാം. ഭഗവാന്റെ വാക്കല്ലേ. ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു, രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു. ഭഗവാനെന്ന് ആരെയാണ് പറയുന്നത്, ഇതും ആർക്കും അറിയുകയില്ല. ആത്മാവ് വിളിക്കുന്നു – അല്ലയോ ബാബാ! അപ്പോൾ അറിയേണ്ടേ – ബാബ എപ്പോൾ എങ്ങനെ വരും? മനുഷ്യനാണെങ്കിൽ ഡ്രാമയുടെ ആദി–മദ്ധ്യ–അന്ത്യം, കാലാവധി എന്നിവ അറിയണമല്ലോ. അറിയുന്നതിലൂടെ നിങ്ങൾ ദേവതയായി മാറുന്നു. ജ്ഞാനം സദ്ഗതിക്ക് വേണ്ടി മാത്രമാണ്. ഈ സമയം കലിയുഗത്തിന്റെ അവസാനമാണ്. എല്ലാവരും ദുർഗതിയിലാണ്. സത്യയുഗത്തിൽ സദ്ഗതിയുണ്ടാകുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ് – എല്ലാവരുടെയും സദ്ഗതി ചെയ്യുവാൻ. എല്ലാവരെയും ഉണർത്താൻ വന്നിരിക്കുകയാണ്. ശവപ്പറമ്പാണെന്നല്ല. എന്നാൽ ഘോരമായ അന്ധകാരത്തിലകപ്പെട്ടിരിക്കുകയാണ്, അവരെ ഉണർത്താൻ വന്നരിക്കുകയാണ്. ഏത് കുട്ടികളാണോ ഘോരമായ ഉറക്കത്തിൽ നിന്നും ഉണരുന്നത് അവരുടെയുള്ളിൽ വളരെയധികം സന്തോഷമുണ്ടാകുന്നു, നമ്മൾ ശിവബാബയുടെ കുട്ടികളാണ്, യാതൊരു തരത്തിലുമുള്ള ചിന്തയില്ല. ബാബ നമ്മേ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. കരച്ചിലിന്റെ പേര് തന്നെയില്ല. ഇത് ദുഃഖത്തിന്റെ ലോകമാണ്. അത് ഹർഷിതമായിരിക്കുന്നതിന്റെ ലോകമാണ്. അവരുടെ ചിത്രം നോക്കൂ വളരെ തിളക്കമുള്ള പുഞ്ചിരിക്കുന്ന മുഖത്തോടെ ഉണ്ടാക്കിയിരിക്കുന്നു. ആ സവിശേഷത ഇവിടെയുണ്ടാക്കുക സാധ്യമല്ല. ബുദ്ധിയാൽ അറിയുന്നു ഇവരെ പോലെ സവിശേഷത കാണാൻ കഴിയുന്നു. മധുര–മധുരമായ കുട്ടികൾക്ക് ഇപ്പോൾ സ്മൃതി വന്നിരിക്കുകയാണ് നമ്മൾ ഭാവിയിൽ അമരപുരിയിലെ രാജകുമാരനായി മാറും. ഈ മൃത്യുലോകത്തിന്, ഈ വൈക്കോൽ കൂനക്ക് തീ പിടിക്കുക തന്നെ ചെയ്യും. ആഭ്യന്തര കലാപങ്ങളിലും പരസ്പരം എങ്ങനെയെല്ലാമാണ് കൊല്ലുന്നത്, ആരെയാണ് നമ്മൾ കൊല്ലുന്നത് അതുപോലും അറിയാൻ കഴിയുന്നില്ല. അയ്യോ അയ്യോ നിലവിളിക്കു ശേഷം ജയാരവം ഉണ്ടാകുന്നു. നിങ്ങളുടെ വിജയം, ബാക്കിയെല്ലാം വിനാശമാകും. രുദ്രമാലയിൽ കോർക്കപ്പെട്ട് പിന്നീട് വിഷ്ണുവിന്റെ മാലയിൽ കോർക്കപ്പെടും. ഇപ്പോൾ നിങ്ങൾ നിങ്ങളുടെ വീട്ടിലേയ്ക്ക് പോകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. ഭക്തിയ്ക്ക് വളരെയധികം വിസ്താരമാണ്. എങ്ങനെയാണോ വൃക്ഷത്തിന് അനേക ഇലകളുണ്ടാകുന്നത് അതുപോലെ ഭക്തിക്കും വിസ്താരമുണ്ടാകുന്നു. ജ്ഞാനമാണ് ബീജം. ബീജം എത്ര ചെറുതാണ്. ബാബയാണ് ബീജം, ഈ വൃക്ഷത്തിന്റെ സ്ഥാപന, പാലന, വിനാശം എങ്ങനെയുണ്ടാകുന്നു, ഇത് നിങ്ങൾക്കറിയാം. ഇത് വ്യത്യസ്ത ധർമ്മങ്ങളുടെ തലകീഴായ വൃക്ഷമാണ്. ലോകത്തിൽ ഒരാൾക്കു പോലും അറിയില്ല. ഇപ്പോൾ കുട്ടികൾക്ക് ബാബയെ ഓർമ്മിക്കുന്നതിന് വളരെയധികം പരിശ്രമിക്കണം, അപ്പോൾ വികർമ്മം വിനാശമാകും. ആ ഗീത കേൾപ്പിക്കുന്നവരും പറയുന്നുണ്ട് മന്മനാ ഭവ. ദേഹത്തിന്റെ എല്ലാ ധർമ്മത്തെയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. മനുഷ്യർ ഇതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല. അവരുടെത് ഭക്തിമാർഗ്ഗമാണ്. ഇത് ജ്ഞാനമാർഗ്ഗമാണ്. ഇത് രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ചിന്തയുടെ ഒരു കാര്യവുമില്ല. അൽപമെങ്കിലും ജ്ഞാനം കേട്ടുവെങ്കിൽ പ്രജയിൽ വരും. ജ്ഞാനത്തിന് വിനാശമുണ്ടാകുന്നില്ല. ബാക്കി ആരാണോ യഥാർത്ഥത്തിൽ മനസ്സിലാക്കി പുരുഷാർത്ഥം ചെയ്യുന്നത് അവർ ഉയർന്ന പദവി നേടുന്നു. ഇത് ബുദ്ധിയിലുണ്ടല്ലോ. നമ്മൾ പുതിയ ലോകത്തിൽ രാജകുമാരകനാകുന്നവരാണ്. വിദ്യാർത്ഥികൾ പരീക്ഷ പാസ്സാകുമ്പോൾ അവർക്ക് വളരെയധികം സന്തോഷമുണ്ടാകുന്നു. നിങ്ങൾക്ക് ആയിരം തവണ കൂടുതൽ അതീന്ദ്രിയ സുഖമുണ്ടാകണം. നമ്മൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാവുന്നു. ഒരു കാര്യത്തിലും ഒരിക്കലും പിണങ്ങരുത്. ബ്രാഹ്മണിയോടല്ല, ബാബയോടാണ് പിണങ്ങുന്നത്, നിങ്ങൾ ബാബയോട് ബുദ്ധിയുടെ യോഗമല്ലേ വെയ്ക്കുന്നത്. ബാബയെ സ്നേഹത്തോടെ ഓർമ്മിക്കൂ. ബാബാ ഞങ്ങൾ അങ്ങയെ തന്നെ ഓർമ്മിച്ചോർമ്മിച്ച് വീട്ടിലേയ്ക്ക് വരും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) ഏതൊരു കാര്യത്തിന്റെയും ചിന്തയുണ്ടാവരുത്, സദാ ഹർഷിതമായിരിക്കണം. നമ്മൾ ശിവബാബയുടെ കുട്ടികളാണെന്ന സ്മൃതിയുണ്ടായിരിക്കണം, നമ്മേ വിശ്വത്തിന്റെ അധികാരിയാക്കുന്നതിന് ബാബ വന്നിരിക്കുകയാണ്.

2) തന്റെ അവസ്ഥയെ ഏകരസമാക്കുന്നതിന് വേണ്ടി ദേഹീ അഭിമാനിയാകുന്നതിന്റെ പുരുഷാർത്ഥം ചെയ്യണം. ഈ പഴയ വീടിനോടുള്ള മമത്വം ഇല്ലാതാക്കണം.

## വരദാനം:- മനനശക്തിയിലൂടെ ബുദ്ധിയെ ശക്തിശാലിയാക്കി മാറ്റുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

മനനശക്തി തന്നെയാണ് ദിവ്യബുദ്ധിയുടെ ഔഷധം. ഭക്തിയിൽ സ്മരിക്കുന്നതിന്റെ അഭ്യാസം ചെയ്യുന്നത് പോലെ ജ്ഞാനത്തിൽ സ്മൃതിയുടെ ശക്തിയുണ്ട്. ഈ ശക്തി മുഖേന മാസ്റ്റർ സർവ്വശക്തിവാനാകൂ. ദിവസവും അമൃതവേളയിൽ തന്റെ ഒരു ടൈറ്റിൽ സ്മൃതിയിൽ കൊണ്ടുവരൂ ഒപ്പം മനനം ചെയ്തുകൊണ്ടിരിക്കൂ എങ്കിൽ മനനശക്തിയിലൂടെ ബുദ്ധി ശക്തിശാലിയായിരിക്കും. ശക്തിശാലി ബുദ്ധിക്കുമേൽ മായയുടെ യുദ്ധം നടക്കുകയില്ല, പരവശരാവുകയുമില്ല എന്തുകൊണ്ടെന്നാൽ മായ ഏറ്റവും ആദ്യം വ്യർത്ഥ സങ്കൽപമാകുന്ന അമ്പ് കൊണ്ട് ദിവ്യബുദ്ധിയെത്തന്നെയാണ് ദുർബ്ബലമാക്കുന്നത്, ഈ ദുർബ്ബലതയിൽ നിന്ന് രക്ഷ നേടുന്നതിനുള്ള മാർഗ്ഗം തന്നെയാണ് മനനശക്തി.

## സ്ലോഗൻ:- ആജ്ഞാകാരി കുട്ടികൾ തന്നെയാണ് ആശീർവാദങ്ങൾക്ക് പാത്രമാകുന്നത്, ആശീർവാദങ്ങളുടെ പ്രഭാവം മനസ്സിനെ സദാ സന്തുഷ്ടമാക്കി വെക്കുന്നു.

**അവ്യക്ത സൂചനകൾ- ആത്മീയ സ്ഥിതിയിലിരിക്കാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
സദാ പരിധില്ലാത്ത ആത്മീയ ദൃഷ്ടി, ഭായി-ഭായി എന്ന സംബന്ധത്തിന്റെ വൃത്തിയിലൂടെ ഏതൊരാത്മാവിനെ പ്രതിയും ശുഭഭാവന വെക്കുന്നതിന്റെ ഫലം തീർച്ചയായും പ്രാപ്തമാകുന്നു. അതിനാൽ പുരുഷാർത്ഥത്തിൽ ക്ഷീണിക്കരുത്, നിരാശരാകുകയും അരുത്. നിശ്ചയബുദ്ധിയാകൂ, എന്റേതെന്ന ഭാവത്തിന്റെ സങ്കൽപത്തിൽ നിന്ന് വേറിട്ടിരിക്കൂ, ശാന്തിയുടെയും ശക്തിയുടെയും സഹയോഗം ആത്മാക്കൾക്ക് കൊടുത്തുകൊണ്ടിരിക്കൂ.